## പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2256 13.02.2013-ൽ മറുപടിയ്ക്ക്

## വൈദ്യുതി മേഖലയിൽ മെയിന്റനൻസ് ഷെഡ്യൂൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ : | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് വൈദ്യുതി മേഖലയിൽ നിലവിൽ മെയിന്റനൻസ് ഷെഡ്യൂൾ തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്താമോ; | (എ) പ്രസരണ വിതരണ വിഭാഗങ്ങളെ ഏകോപിപ്പിച്ചു കൊണ്ട് അറ്റകുറ്റ പണികൾ നടപ്പിലാക്കുന്നതിനു വേണ്ടി ഷെഡ്യൂളുകൾ തയ്യാറാക്കിയിട്ടുണ്ട്. പ്രസരണ വിഭാഗത്തിന്റെ കീഴിൽ ഓരോ സബ്സ്റ്റേഷനുകളിലും മാസം തോറും നടത്തേണ്ട അറ്റകുറ്റ പണികളെ ആസ്പദമാക്കിയാണ് ഷെഡ്യൂളുകൾ തയ്യാറാക്കിയിരിക്കുന്നത്. സബ്സ്റ്റേഷൻ അറ്റകുറ്റപണികളുമായി ഏകോപിപ്പിച്ച് വിതരണ വിഭാഗത്തിലും മെയ് 31 വരെയുള്ള കാലയളവിലെ മെയിന്റെനൻസ് ഷെഡ്യൂൾ തയ്യാറാക്കിയിട്ടുണ്ട്. |
| (ബി) മെയിന്റനൻസ് പ്രവൃത്തികൾക്കായി സംസ്ഥാനത്ത് ഏതൊക്കെ മേഖലകളിൽ എത്ര ദിവസങ്ങൾ ആണ് ലൈൻ ഓഫ് ചെയ്യുന്നതെന്ന് വെളിപ്പെടുത്താമോ; | (ബി) ഇത്തരത്തിൽ ഒരു മാസത്തിൽ പരമാവധി മൂന്നു ദിവസം മാത്രം ഉപഭോക്താക്കൾക്ക് വൈദ്യുതി തടസ്സം ഉണ്ടാകാവൂ എന്ന വിധത്തിലാണ് മെയിന്റെനൻസ് ഷെഡ്യൂൾ തയ്യാറാക്കിയിരിക്കുന്നത്. |
| (സി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നാളിതുവരെ മെയിന്റനൻസ് പ്രവൃത്തികൾക്കായി ഏതൊക്കെ ഉപകരണങ്ങളും, സ്പെയർ പാട്ട്സുകളും പർച്ചേസ് ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ; | (സി) ബ്രേക്കർ, 11 കെ.വി. പാനൽ തുടങ്ങിയവയുടെ സ്പെയർ പാർട്ട്സുകളും വാക്വം ഇന്ററപ്റ്റർ, ഡിസ്റ്റൻസ് റിലെ കേബിൾ ടെർമിനേഷൻ കിറ്റ്, വിവിധ തരത്തിലുള്ള ക്ലാമ്പുകൾ, സുരക്ഷാ ഉപകരണങ്ങൾ, ട്രാൻസ്ഫോർമർ മെയിന്റെനൻസി- |

നായുള്ള സ്പെയറുകൾ, ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമറിന്റെ പാർട്ടുകൾ, എ.ബി. സ്വിച്ചിന്റെ സ്പെയർ പാർട്ടുകൾ, ക്രിംപിംഗ് ടൂൾ, ക്രിംപിംഗ് സോക്കറ്റുകൾ. സ്പേയ്സേർസ്, സിലിക്കാ ജൽ തുടങ്ങി അറ്റകുറ്റപണികൾക്കാവശ്യമായ ഉപകരണങ്ങളും സ്പെയർ പാർട്ടുകളും സാധനസാമഗ്രികളും വാങ്ങിയിട്ടുണ്ട്.

(ഡി) ഇതിനായി എത്ര തുക ചെലവഴിച്ചെന്ന് വിശദമാക്കാമോ?

(ഡി) ഇതിനായി പ്രസരണ വിഭാഗത്തിൽ ഏകദേശം 9,90,00,000/- രൂപയോളവും വിതരണ വിഭാഗത്തിൽ ഏകദേശം 19 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.